DESPATCHED
On...05/03/2020
14.2.20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 378*(7)/2014*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. *4524/എസ്.ഐ.സി-ജി 6/14*

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. ഭാർഗവി.ടി
മെതുകിൽ (H)
മുക്കം പി.ഒ
കോഴിക്കോട് 673 602** } **പരാതി ഹർജിക്കാരൻ**

**Vs**

**സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
അഗ്രിക്കൾച്ചറൽ ഓഫീസർ
കൃഷിഭവൻ മുക്കം
കോഴിക്കോട്** } **എതിർകക്ഷി**

## ഉത്തരവ്

പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ മറുപടി ലഭ്യമായിട്ടില്ലെന്നാണ്, ആയതിനാൽ ആവശ്യപ്പെടുന്ന വിവരങ്ങൾക്ക് വ്യക്തമായ മറുപടി നൽകണമെന്നും മറ്റുമാണ്.

2. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ ഹർജിക്കാരിയുടെ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 07.11.2019ൽ വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കോഴിക്കോട് വച്ചു നടത്തിയ ഹിയറിംഗിൽ ഹാജരാകുവാൻ ഹർജിക്കാരിക്കു നോട്ടീസ് നൽകിയിരുന്നെങ്കിലും ടിയാൾ ഹാജരാകുകയോ അഭിപ്രായം രേഖപ്പെടുത്തുവാൻ തയ്യറാവുകയോ ചെയ്തിരുന്നില്ല. ഹർജിക്കാരി തപാലിൽ അയച്ച പരാതി കൃഷിഭവനിൽ കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതിനാൽ ഹിയറിംഗിൽ ഹാജരായ എസ്.പി.ഐ.ഒ യോട് 10 ദിവസത്തിനകം ഹർജിക്കാരിയുടെ അഭിപ്രായം ആരാഞ്ഞ് വിശദീകരണം നൽകാൻ നിർദ്ദേശിക്കുകയും 19.11.2019ന് എസ്.പി.ഐ.ഒ സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരി അഭിപ്രായം നൽകുവാനോ പരാതിയുടെ കോപ്പി നൽകാനോ തയ്യാറായില്ലെന്ന് അറിയിക്കുകയും ചെയ്തു.

3. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഹിയറിംങിൽ എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷ കണ്ടെത്താൻ കഴിഞ്ഞില്ലാത്തിനാൽ , ഹർജിക്കാരിയുടെ അഭിപ്രായം തേടാൻ നിർദ്ദേശിച്ചുവെങ്കിലും ടിയാൾ ആയതിന് സഹകരിക്കാത്തതിനാൽ ടിയാൾക്ക് പരാതിയിൽ തുടരാൻ താൽപര്യമില്ലെന്ന് വിലയിരുത്തി ടി പരാതി ഹർജിയിൽ മറ്റു നടപടികളാവശ്യമില്ലെന്നു കണ്ട് ഇന്നേ ദിവസം 2020 ജനുവരി 14–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

RIGHT TO INFORMATION



res